# ഉപന്യസിക്കുക: 'ഗോവിന്ദൻകുട്ടിയും സാമൂഹ്യ പുരോഗതിയും'

■ എം.എം. പൗലോസ്

'ഗോവിന്ദൻകുട്ടിയും സാമൂഹ്യപുരോഗതിയും' എന്നതാണല്ലോ ഇന്നത്തെ ഉപന്യാസ വിഷയം. ഇന്നത്തെ സമൂഹം സജീവമായി ചർച്ച ചെയ്യേണ്ട വിഷയമാണ് ഇത്. ഈ വിഷയത്തിന് അർഹമായ പ്രാധാന്യം കിട്ടിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ഇത് ഒരു പഴയ വിഷയമാണെന്നും, ഇത്തരം വിഷയങ്ങൾ കാലഹരണപ്പെട്ടു എന്നും ചിലർ വാദിക്കുന്നു. തലച്ചോറ് വളരാത്ത ചില പ്രാചീന ജന്തുക്കളുടെ ക്രൂരവിനോദമാണ് ഇത്തരം വിഷയം. കാലത്തിനനുസരിച്ച് ചിന്തിക്കാത്ത ഈ ദിനോസറുകളെ ചാട്ടയ്ക്കടിക്കണമെന്നും ഈ വിഷയ വിരോധികൾ ആക്രോശിക്കുന്നു.

എന്നാൽ, ആധുനിക ലോകത്തിന്റെ വക്താക്കളായി സ്വയം ചമയുന്ന ഇവരുടെ വാദങ്ങൾ വസ്തുതകൾക്ക് നിരക്കുന്നതല്ല. ഇത്തരം ആക്രോശങ്ങളുടെ കല്ലേറുകൾ അവഗണിച്ച് ഈ വിഷയം തിരിച്ചുവരികയാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുകയാണ്.

ലണ്ടൻ ബുക്റിവ്യൂ സെപ്തംബർ 28-ന് നടത്തിയ സർവെയിൽ ലോകത്ത് പ്രധാനമായും ചർച്ച ചെയ്യുന്ന അഞ്ചു വിഷയങ്ങളിൽ മൂന്നാമത്തേതാണ് 'ഗോവിന്ദൻകുട്ടിയും സാമൂഹ്യപുരോഗതിയും'. ന്യൂയോർക്കിൽ ഇതിനകം നാലു ലേഖനങ്ങളാണ് ഇതു സംബന്ധിച്ച് വന്നത്. ആമസോൺ ഡോട്ട് കോമും അവരുടെ പരിഗണനാ വിഷയങ്ങളിൽ രണ്ടാമതായി 'ഗോവിന്ദൻകുട്ടിയും സാമൂഹ്യ പുരോഗതിയും' പെടുത്തിയിരിക്കുന്നു. അമേരിക്കയിലും യൂറോപ്പിലും മാത്രമല്ല അർജന്റീന, പെറു, ചിലി, ബ്രസീൽ, ദക്ഷിണാഫ്രിക്ക, ഘാന, അംഗോള, നൈജീരിയ, ഇന്തോനേഷ്യ, ശ്രീലങ്ക, ഫിലിപ്പൈൻസ് എന്നിവിടങ്ങളിലെയും വൈജ്ഞാനിക സമൂഹം ഈ വിഷയം ഏറ്റെടുത്തിരിക്കുകയാണ്.

പ്രാചീന കാലത്തും നമ്മൾ കുരങ്ങന്മാരായിരുന്നു എന്നുള്ളത് സാംസ്കാരിക ലോകം ഇന്ന് പൊതുവെ അംഗീകരിച്ചിട്ടുണ്ടല്ലോ (പ്രാചീനകാലത്ത് എന്ന് തിരുത്തിവായിക്കണം. അച്ചടിച്ച ശേഷമാണ് തെറ്റ് ശ്രദ്ധയിൽപ്പെട്ടത്. മാപ്പ്) കുരങ്ങനിൽനിന്നും എങ്ങനെയാണ് മനുഷ്യൻ ഉണ്ടായത്? ഒറ്റരാത്രികൊണ്ടുണ്ടായ പരിണാമമമാണോ അത്? അല്ല. എന്നാൽ, വിഷയത്തെ ലളിതവൽക്കരിക്കുന്ന ചിലർ അങ്ങനെ കാണുന്നു. ചരിത്രബോധം തൊട്ടുതീണ്ടിയിട്ടില്ലാത്തവരും, മുൻ തലമുറകളുടെ സേവനത്തെ പുച്ഛിക്കുകയും ചെയ്യുന്നവരാണ് അവർ.

എന്നാൽ, വസ്തുത എന്താണ്?

നൂറ്റാണ്ടുകൾ നീണ്ട ബോധവൽക്കരണ ക്ലാസുകളിലൂടെയും, പഠനക്ലാസുകളിലൂടെയുമാണ് ഈ പരിണാമ പ്രക്രിയ പൂർത്തിയായത്. ബോധവൽക്കരണ ക്ലാസുകളിൽ പങ്കെടുക്കാനും, വിജ്ഞാനം ഏറ്റുവാങ്ങി സംസ്കാര സമ്പന്നരാകാനും ഇന്നത്തെ കാലത്തുപോലും ജനങ്ങൾ മടിക്കുമ്പോൾ ലക്ഷോപലക്ഷം വർഷങ്ങൾക്കു മുൻപ് സ്ഥിതി എന്തായിരിക്കും! കുരങ്ങന്മാരെ ക്ലാസുകളിലെത്തിക്കാനും, അറിവ് പകരാനും അന്നത്തെ നമ്മുടെ സാംസ്കാരിക നായകന്മാർ അനുഭവിച്ച ത്യാഗം എത്ര ഭയങ്കരമായിരിക്കും! ആവശ്യത്തിന് ജുബ്ബ പോലും ഇല്ലാതിരുന്ന കാലമായിരുന്നു അതെന്നോർക്കണം.

വിഷയങ്ങൾ പഠിക്കാൻ തയ്യാറാവാതെ, തിന്നും കുടിച്ചും പ്രത്യുല്പാദനം നടത്തിയും, മരത്തിൽ തൂങ്ങിയാടി കളിച്ച അനാർക്കിസ്റ്റുകളായ വാനരന്മാർ നിലത്ത് പാദമൂന്നി നിന്ന് പ്രസംഗിക്കാൻ തുടങ്ങിയത് പരിണാമചരിത്രത്തിലെ നിർണ്ണായക മുഹൂർത്തമായി. ശേഖരിച്ച അറിവുകൾ അവർ വിതരണം ചെയ്യാൻ തീരുമാനിച്ചതോടെ മറ്റുള്ളവർ മുട്ടിൽ ഇരിക്കാൻ പഠിച്ചു. ഇതോടെ വാലിന്റെ പ്രസക്തി ഇല്ലാതാവുകയും അത് സാവധാനത്തിൽ കുറഞ്ഞുവരികയും ചെയ്തു. എന്നാൽ, ലേഖനമെഴുത്ത് തുടങ്ങിയതോടെ കൈകൾ വാലിന്റെ സ്ഥാനമേറ്റെടുത്തതായി ചില നരവംശ ശാസ്ത്രജ്ഞർ പറയുന്നുണ്ട്. വ്യക്തമായ തെളിവുകൾ ഇവർ ഹാജരാക്കാത്തതിനാൽ ശാസ്ത്രലോകം ഇത് അംഗീകരിക്കുന്നില്ല. ലേഖനമെഴുത്തിലൂടെ കൈകൾ പൂർണ്ണ വളർച്ചയെത്തി എന്ന മുൻ നിഗമനത്തിൽ തന്നെയാണ് ശാസ്ത്രലോകം ഇപ്പോഴും.

തീയുടെ കണ്ടുപിടുത്തമാണ് മറ്റൊരു പ്രധാന ചുവടുവയ്പ്. ഇതോടെ രുചിയുള്ള ഭക്ഷണം പാകം ചെയ്ത് സന്ദർഭത്തിനനുസരിച്ച് വിളമ്പാൻ കഴിഞ്ഞു. മനുഷ്യസമൂഹം വമ്പിച്ച കുതിച്ചുചാട്ടം നടത്തിയ കാലഘട്ടമായിരുന്നു ഇത്. ചക്രങ്ങൾ കൂടി കണ്ടുപിടിച്ചതോടെ

എവിടെയും എളുപ്പത്തിൽ ഉരുണ്ടെത്തി വിളമ്പാമെന്നായി.

മനുഷ്യ സമൂഹത്തെ മാറ്റിമറിച്ച മറ്റൊരു കണ്ടുപിടുത്തമാണ് ചെമ്പ്. അത് പുറത്തുകാട്ടാതെ ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടാനായത് സമഗ്രപുരോഗതിക്ക് അടിത്തറ പാകി. ഇരുമ്പായിരുന്നു ആദ്യം കണ്ടുപിടിച്ചതെങ്കിൽ ഇത് സാധ്യമാകുമായിരുന്നില്ല. മാത്രമല്ല, മനുഷ്യചരിത്രം തന്നെ മാറിപ്പോകുമായിരുന്നു.

ഇനി മനുഷ്യൻ ഇണക്കിയ ജന്തുക്കളിലേക്കു വരാം. കുതിരകളെ പരാമർശിക്കാതെ ഈ ഉപന്യാസത്തിനു കടന്നുപോകാനാവില്ല. കുതിരകളെ മെരുക്കാൻ പഠിച്ചത് മനുഷ്യന്റെ മഹത്തായ നേട്ടമായി. ഇതോടെ യുദ്ധങ്ങൾ എളുപ്പം ജയിക്കാൻ കഴിഞ്ഞു എന്നതല്ല പ്രധാനം. അത് അല്പബുദ്ധികൾ കണ്ടെത്തുന്നതാണ്. കൂടുതൽ സ്വീകരണങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞു എന്നതാണ് ശ്രദ്ധേയം. ഒരു ജയം വ്യക്തിയിൽ നിന്ന് സമൂഹം ഏറ്റുവാങ്ങുന്നത് അതിന്റെ വിപുലമായ സ്വീകരണച്ചടങ്ങുകളിൽ വച്ചാണ്. സമൂഹത്തിന്റെ ജ്ഞാനസ്നാനമാണ് അത്. തലമുറകൾക്ക് കൈമാറാനുള്ള മന്വന്തരങ്ങളാണ് അത്. അല്ലെങ്കിൽ വിജയം സ്വയം ചുരുങ്ങിപ്പോകുന്ന ബലൂണുകളായി മാറും. യഥാർത്ഥ വിജയം വാൾത്തലപ്പല്ല, പുഷ്പഹാരമാണ്.

സാമൂഹ്യപുരോഗതിയിലെ മറ്റൊരു സുപ്രധാന കണ്ടുപിടുത്തം കലപ്പയാണ്. ഉഴുകുന്നതിനും ഉഴുകിക്കുന്നതിനും ഇടയിലുള്ള ഉപകരണം. ദാർശനികമായി പറഞ്ഞാൽ ആജ്ഞയ്ക്കും, ശിരസാവഹിക്കലിനും ഇടയിലുള്ള വൈകാരിക സമ്മർദ്ദം. കലപ്പ കണ്ടുപിടിച്ചതോടെയാണ് അന്യനെ സ്നേഹിക്കാനുള്ള കഴിവ് സമൂഹം ആർജിച്ചത്. അങ്ങനെ അവന്റെ കഴുത്തിൽ സ്നേഹപൂർവം കലപ്പവച്ചുകൊടുക്കാനും അധ്വാനത്തിന്റെ മഹത്വം പഠിപ്പിക്കാനും കഴിഞ്ഞു. ചാട്ടയടിക്കുന്നവന്റെ നിസ്സഹായാവസ്ഥ അടികൊള്ളുന്നവനെ ബോധ്യപ്പെടുത്താനും സാധിച്ചു.

ഇങ്ങനെ സഹസ്രാബ്ദങ്ങളിലൂടെ സാമൂഹ്യമായും, സാമ്പത്തികമായും, സാംസ്കാരികമായും ഉന്നതിയിലേക്ക് കുതിച്ച സമൂഹത്തിന്റെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് 'ഗോവിന്ദൻകുട്ടിയും സാമൂഹ്യപുരോഗതിയും' എന്ന വിഷയം എത്രമാത്രം പ്രസക്തമാണെന്ന് മനസ്സിലാവുക.

ഇന്നത്തെ ലോകം എന്താണ്?

അഹമ്മദാബാദിലെ സർദാർ പട്ടേൽ സ്റ്റേഡിയത്തിൽ ജർമ്മനിയിലുണ്ടാക്കുന്ന ഷൂസിട്ട് നിന്ന് ശ്രീലങ്കക്കാരൻ വലെഗ കൂരെയുടെ പന്ത് ജർമ്മൻ ബാറ്റുകൊണ്ട് വീശി ഇന്ത്യയുടെ സച്ചിൻ ടെണ്ടുൽക്കർ 30,000 റൺ തികച്ചപ്പോൾ മറാത്തക്കാരെ ബഹുമാനിച്ചില്ലെന്ന് ബൽതാക്കറെ വിമർശിക്കുന്നു. അമേരിക്കക്കാരനായ ഡേവിഡ് കോൾമാൻ ഹെഡ്‌ലിയും കാനഡക്കാരനായ തഹാവൂർ ഹുസൈൻ റാണയും ചേർന്ന് പാകിസ്താനിലിരുന്ന് മുംബൈയിലെ താജ് ഹോട്ടലിലെ ഇസ്രയേൽകാരനെയും ബ്രിട്ടീഷുകാരനെയും കൊല്ലുന്നു. തലയിൽ ബിൽക്രീം തേച്ചവർ ലിപ്സ്റ്റിക് നിരോധിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നു. ലണ്ടനിൽ ആന്ത്രാക്സ് വന്നാൽ പൊള്ളാച്ചി ചന്തയിൽ കച്ചവടം കുറയുന്നു. ന്യൂയോർക്കിൽ പന്നിപ്പനി വന്നാൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ തിരക്കുകൂട്ടുന്നു.

ഒരു എട്ടുകാലി ലോകം മുഴുവൻ വലകെട്ടുകയാണ്. വാഷിംഗ്ടണിൽ, പാരീസിൽ, മെക്സിക്കോസിറ്റിയിൽ, ബീജിങ്ങിൽ, സിംഗപ്പൂരിൽ, ഡൽഹിയിൽ, പേരാമ്പ്രയിൽ... വല നീളുകയാണ്.

എന്തുചെയ്യും?

ഒരേ ഒരു ഉത്തരം.

ഗോവിന്ദൻകുട്ടിയും സാമൂഹ്യപുരോഗതിയും.

വ്യക്തിയായാലും, രാജ്യമായാലും, ലോകമായാലും അത് നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണ് ഇത്.

എന്തൊക്കെയാണ് പ്രശ്നങ്ങൾ? സ്വത്വപ്രതിസന്ധി, പ്രാന്തവൽക്കരണം? അൽഖ്വെയ്ദ? അറബ്-ഇസ്രയേൽ? വംശീയത? പന്നിപ്പനി? പക്ഷിപ്പനി? കാലാവസ്ഥാവ്യതിയാനം? ക്വട്ടേഷൻ സംഘം? ജൈവസംരക്ഷണം? ആവാസവ്യവസ്ഥ?

പ്രശ്നം എന്തുമാകട്ടെ; പരിഹാരം ഒന്നുമാത്രം- ഗോവിന്ദൻകുട്ടിയും സാമൂഹ്യപുരോഗതിയും.

ഇനി വിഷയത്തിലേക്ക്.

എന്താണ് ഗോവിന്ദൻകുട്ടി?

അല്ലെങ്കിൽ ആരാണ് ഗോവിന്ദൻകുട്ടി?

ഗോവിന്ദൻകുട്ടിയെ നമുക്ക് മൂന്നു രീതിയിൽ സമീപിക്കാം.

ഒന്ന്-വ്യക്തിപരമായി.

രണ്ട്-സാമൂഹികമായി.

മൂന്ന്- ആശയപരമായി.

വ്യക്തിപരം: വ്യക്തികളുടെ കൂട്ടമാണ് സമൂഹം. വ്യക്തികളുടെ നന്മതിന്മകളാണ് സമൂഹത്തിന്റെ ആകത്തുക. വ്യക്തി നന്നായാൽ സമൂഹം നന്നാവും.

സാമൂഹികം: വ്യക്തിയല്ല സമൂഹമാണ് പ്രധാനം. വ്യക്തികളുടെ കൂട്ടമല്ല സമൂഹം. സമൂഹത്തിലെ അംഗം മാത്രമാണ് വ്യക്തി.

ആശയപരം: വ്യക്തിയും സമൂഹവുമല്ല പ്രധാനം. സമൂഹത്തിന്റെയും വ്യക്തിയുടെയും അടിത്തറ ഓരോ കാലഘട്ടത്തിലും രൂപപ്പെടുന്ന ആശയങ്ങളാണ്. അതിനനുസരിച്ചാണ് വ്യക്തിയും സമൂഹവും നീങ്ങുന്നത്.

ഇതിൽ ഏതു രീതിയാണ് നിങ്ങൾ അവലംബിക്കുന്നത്? നിങ്ങളുടെ സമീപനം നിങ്ങളുടെ വീക്ഷണം പ്രഖ്യാപിക്കുന്നു. അങ്ങനെയെങ്കിൽ ഗോവിന്ദൻകുട്ടിയെ നിർവചിക്കുന്നതിലൂടെ നിങ്ങൾ നിങ്ങളെ തന്നെ നിർവചിക്കുകയാണ്. നിങ്ങൾ നിങ്ങൾക്കുവേണ്ടി തന്നെ വാദിക്കുകയാണ്. ഗോവിന്ദൻകുട്ടിയും നിങ്ങളും മനസ്സുകൊണ്ട് ഒന്നാവുകയാണ്. അത് നീ ആവുകയാണ്. തത്വമസി.

ഇനി അടുത്തഘട്ടം.

എങ്ങനെയാണ് ഗോവിന്ദൻകുട്ടിയുടെ തുടക്കം?

രണ്ടു രീതിയിൽ സമീപിക്കാം.

ഒന്ന്-ആത്മീയമായി.

രണ്ട്-ഭൗതികമായി.

ആത്മീയമാണ് തുടക്കമെങ്കിൽ ഗോവിന്ദൻകുട്ടിക്ക് മാതാപിതാക്കളില്ല. പഞ്ചഭൂതങ്ങളാണ് സൃഷ്ടി നടത്തിയത്. പഞ്ചഭൂതങ്ങൾക്ക് ഒരാധാരം വേണം. അത് ബ്രഹ്മം. അങ്ങനെ അഹം ബ്രഹ്മാസ്മി എന്നു പറഞ്ഞ് അമേരിക്കയ്ക്ക് കടക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. പാസ്പോർട്ട് തരപ്പെട്ടില്ല. പരിശോധന കർശനം. സംസാരദുഃഖം, ദൈത്വാ ദ്വൈതം, ധർമാർത്ഥ കാമമോക്ഷം, ബ്രഹ്മസത്യം ജഗന്മിഥ്യ, താന്ത്രികം എന്നൊക്കെ പറഞ്ഞ് നോക്കിയെങ്കിലും ഗുണം കിട്ടിയില്ല. കച്ചവടം പച്ചപിടിച്ചില്ല. പൊലീസിന്റെ നിരീക്ഷണം ശക്തം. കാലവും നന്നല്ല. കലികാലം.

ഇനി ഭൗതികമായി സമീപിക്കാം.

നെല്ലുകുത്തി ഉപജീവനം നടത്തുന്ന



പാറുവിന്റെ ആദ്യ സന്താനമാണ് ഗോവിന്ദൻകുട്ടി. സ്മര്യപുരുഷൻ നിസ്സാരക്കാരനല്ലാത്തതുകൊണ്ട് നിർവികാരമായി പറയുന്നത് ശരിയല്ല. കദനത്തിന്റെ കതിന പൊട്ടണം. അതിനാൽ ജന്മകഥ ലേശം മാറ്റിപ്പണിയുന്നു.

പത്തും തെകഞ്ഞിട്ടും ഉപജീവനാർഥം നെല്ലുകുത്താനെത്തി പാറു. ഉരപ്പുരയിൽ വച്ച് പേറ്റുനോവ്. ഒരു പായ വലിച്ചിട്ടു. അതിലങ്ങ് നിവർന്നു കിടന്നു. ഇരുപത്തിയഞ്ചുവരെ എണ്ണിയില്ല.

"ള്ളേ...ള്ളേ..."

ദാ കിടക്കുന്നു ഗോവിന്ദൻകുട്ടി. കടുപ്പത്തിൽ ഒരു കട്ടൻചായ കുടിച്ച് പാറു മുൻകാല പ്രാബല്യത്തോടെ നെല്ലുകുത്താൻ തുടങ്ങിയെന്ന് കഥ. പണിക്കിടയിൽ പെറ്റ പാറുവിന് 'പ'കാരം ബഹുമതി നൽകാൻ അക്കാദമി തീരുമാനിച്ചെന്ന് ഇതിനൊരു ഉപകഥ. വിവരമറിഞ്ഞ് വടക്കുന്നാഥന്റെ മുന്നിൽ ഉലക്കയുമായെത്തി പാറു അക്കാദമിയിലേക്കുള്ള വഴി ചോദിച്ചെന്ന് അതിനൊരു മറുകഥ. അതു കേട്ടതോടെ സാഹിത്യം കൊങ്കൺ പാതവഴി വടക്കോട്ട് ഓടിയെന്ന് ക രളലയിക്കുന്ന ജീവിതഗന്ധിയായ മറ്റൊരു ക ഥ.

ഗോവിന്ദൻകുട്ടിയുടെ ബാല്യത്തിലേക്ക് വരാം. ബാല്യം ഒരു ചരിത്രമാണ്. ചരിത്രം വർത്തമാനകാലത്തിന്റെ ഒരാവശ്യമാണ്. സമകാലിക സമൂഹത്തിന്റെ ആ വശ്യത്തിനനുസരിച്ച് ചരിത്രം നിർമ്മിക്കപ്പെടുകയാണ്. അല്ലെങ്കിൽ പുനർവായിക്കപ്പെടുകയാണ്. ചരിത്രം രാഷ്ട്രീയത്തിലിടപെടുന്നത് വൈകാരികമായാണ്, വസ്തുതാപരമായല്ല. ബാല്യം വസ്തുതയല്ല, വാർധക്യത്തിന്റെ ഓർമ്മകളാണ്.

എങ്കിൽ ഗോവിന്ദൻ കുട്ടിയുടെ ബാല്യവും നമ്മൾക്ക് ഉണ്ടാക്കാം. ബാല്യമുണ്ടാക്കാനുള്ള സാധനങ്ങൾ താഴെ.

പാകമാകാത്ത പിഞ്ഞിയ ഷർട്ട് (കുടുക്കില്ലാത്തത്)- 1

നിക്കർ (കീറിയത്)- 1

അടുപ്പിൽ കിടക്കുന്ന പൂച്ച- 2

ഓണം വന്നാലും ഉണ്ണി പിറന്നാലും കുടിക്കാനുള്ള കണ്ണീർ- അര കോപ്പ

സ്ലേറ്റ്- പകുതി

പുസ്തകം (ചട്ടയില്ലാത്തത്)- രണ്ട്

ഒലിച്ചിറങ്ങുന്ന മൂക്കിള- അരയൗൺസ്

ചുമ- ആവശ്യത്തിന്

പാകം ചെയ്യുന്ന വിധം:

അഴുക്കുകൾ ഭംഗിയായി ബേയ്ക് ചെയ്ത് പിടിപ്പിച്ച നിക്കർ ആദ്യം എടുക്കുക. കിഴക്കുഭാഗത്ത് ദർശനമായി നിന്ന് ധരിക്കുക. അതീവ ശ്രദ്ധവേണം. കീറരുത്. അരുചിയുണ്ടാവും.

അതിനുശേഷം അയയിൽ കിടക്കുന്ന ഷർട്ട് എടുക്കുക. ഇടതുകൈയും വലതുകൈയും മാറിപ്പോയ രീതിയിൽ ആദ്യം ധരിക്കുക. പിന്നീട് ശരിയാക്കുക. ഇതിനുശേഷം അടുപ്പിനടുത്തേയ്ക്ക് വരാം. മൈക്രോ ഓവൻ ഉപയോഗിക്കുന്നതാണ് നല്ലത്. കരി പിടിക്കില്ല. പൂച്ചകൾക്ക് കിടക്കാൻ സൗകര്യമുള്ള ഓവനാണ് ഉപയോഗിക്കേണ്ടത്. അത്തരത്തിലുള്ള ഓവൻ ഇപ്പോൾ മാർക്കറ്റിലുണ്ട്. പൂച്ചകൾ അതിലുണ്ടെന്ന് ഉറപ്പുവരുത്തണം.

അതിനുശേഷം നേരത്തെ വാങ്ങിവച്ച അരകോപ്പ കണ്ണീർ ചൂടാറിയോ എന്ന് നോക്കുക. ശരിക്കും ചൂടാറിയ ശേഷമായിരിക്കണം ഇത് അതിഥികൾക്ക് വിളമ്പേണ്ടത്. പിന്നീട് സ്ലേറ്റും പുസ്തകവും ഒറ്റ കക്ഷത്തിൽ അമർത്തിവയ്ക്കണം. ഒലിച്ചിറങ്ങുന്ന മൂക്കിള അകത്തേയ്ക്ക് വലിച്ചുകയറ്റി "അമ്മേ... പോണ്..." എന്നു പറഞ്ഞാൽ രുചികരമായ ബാല്യം തയ്യാറായി.

പണ്ടുകാലത്തെ ഒരു പ്രധാന വിഭവമായിരുന്നു ഇത്. ഇപ്പോൾ രുചികളിൽ ഭയങ്കരമായ പരിവർത്തനം വന്നു. പുതിയ വിഭവങ്ങൾ അനുദിനമെന്നോണം വരുന്നു. ഇന്റർ കോണ്ടിനന്റൽ ഡിഷസിന്റെ എക്സിബിഷനുകൾ തന്നെ ധാരാളം. കാലത്തിനനുസരിച്ച രുചിമാറ്റം പോലെ സമകാലിക ഗോവിന്ദൻകുട്ടിയെയും നമുക്ക് ഉണ്ടാക്കാം.

ആവശ്യമുള്ള സാധനങ്ങൾ താഴെ.

സ്വർണ്ണക്കസവുള്ള മുണ്ട്– 75
റീഡ് ആന്റ് ടെയ്ലർ, ആരോ,– 101
സീറോ ഷർട്ടുകൾ
റോൾസ് റോയ്സ്– 2
ബെൻസ് – ആവശ്യത്തിന്
സ്വർണ്ണംകെട്ടിയ രുദ്രാക്ഷമാല– 5
ലാപ്ടോപ്– 3
മൊബൈൽ ഫോൺ– 7
വെബ്സൈറ്റ്– 3
ആനയെ നടയ്ക്കിരുത്തൽ– 4
പുസ്തക പ്രകാശനം (ഏറ്റുവാങ്ങൽ മാത്രം)– 5
അവാർഡുകൾ– 11
മുഖ്യാതിഥി– 8
ആദ്യവില്പന സ്വീകരിക്കൽ– 9
മാധ്യമപ്രവർത്തകർക്ക് സദ്യ– ആവശ്യത്തിന്

ഇത് പാകം ചെയ്യാൻ പ്രത്യേകം പഠിക്കണമെന്നില്ല. വിഭവങ്ങൾ കിട്ടിക്കഴിഞ്ഞാൽ സ്വയം പാകമാകും എന്നതാണ് ഇത്തരം വിഭവങ്ങളുടെ പ്രത്യേകത. പക്ഷേ, ഒരുകാര്യം ശ്രദ്ധിക്കണം. എപ്പോഴും ഇളക്കണം. ഇല്ലെങ്കിൽ അടിയിൽ പിടിക്കും.

ഇപ്പോൾ രണ്ട് ഗോവിന്ദൻകുട്ടിമാർ നമ്മുടെ മുന്നിലുണ്ട്. ആദ്യകാല ഗോവിന്ദൻകുട്ടിയും പിൽക്കാല ഗോവിന്ദൻകുട്ടിയും. ആദ്യത്തെ ഗോവിന്ദൻകുട്ടിയുടെ തുടർച്ചയാണോ രണ്ടാമത്തെ ഗോവിന്ദൻകുട്ടി? അല്ലെങ്കിൽ ബോധപൂർവമായ വ്യതിയാനമാണോ?

വ്യക്തിപരമായ വിശകലന പദ്ധതികളാണ് നമ്മൾ പ്രയോഗിക്കുന്നതെങ്കിൽ ഇതിന് ഉത്തരം കിട്ടില്ല. അതുകൊണ്ട് ആ കടുംപിടുത്തം ഉപേക്ഷിച്ച് സാമൂഹികമായ സമീപനം സ്വീകരിക്കണം.

ഗോവിന്ദൻകുട്ടിമാർ ഏത് ചരിത്രമുഹൂർത്തത്തിലാണ് വേർതിരിയുന്നത്? ഈ വേർപിരിയലിന്റെ സൈദ്ധാന്തികമായ വിവക്ഷകൾ എന്തൊക്കെയാണ്?

ഇതു കണ്ടെത്താൻ ഭാഷാശാസ്ത്രമാണ് ഏറ്റവും നല്ല ഉപകരണം. ആദ്യകാല ഗോവിന്ദൻകുട്ടിക്ക് അറിയാവുന്ന വാക്കുകൾ പരിശോധിക്കൂ. വളരെ കുറച്ചുമാത്രം. വിശപ്പ്, ചോറ്, വെള്ളം എന്നിങ്ങനെ അതിസാധാരണവും നിരന്തരം ഉപയോഗിച്ച് ഒരുതരം അവജ്ഞ ജനിപ്പിക്കുകയും ചെയ്യുന്ന വാക്കുകൾ. ടെക്നോളജിക്കൽ ഗ്രോത്തോ, നോവൽ ഐഡിയായോ, എന്റർപ്രണർഷിപ്പോ, ഇനീഷ്യേറ്റീവോ ഇല്ലാത്ത കുറെ ഡെഡ്വേഡ്സ്.

എന്നാൽ, പുതിയ ഗോവിന്ദൻകുട്ടിയെ നോക്കൂ. അയാൾ ഇത്തരം വാക്കുകൾ ഉപയോഗിക്കാറേ ഇല്ല. പകരം ഫിനാൻസ് കാപ്പിറ്റൽ, ഇൻഫ്രാ സ്ട്രക്ചർ ഫെസിലിറ്റി, ഫീസിബിലിറ്റി, വയബിൾ, ഇൻപുട്, ഔട്പുട്, ഹ്യൂമൻ റിസോഴ്സ് എന്നീ വാക്കുകൾ സമർത്ഥമായി വിന്യസിപ്പിക്കുന്നു. കുറച്ചു വാക്കുകൾ അപരിഷ്കൃതത്വത്തിന്റെയും കൂടുതൽ വാക്കുകൾ പരിഷ്കാരത്തിന്റെയും ലക്ഷണമാണ്. കുറച്ചു വാക്കുള്ളവൻ ദരിദ്രൻ, കൂടുതൽ വാക്കുള്ളവൻ ധനികൻ. വാക്കാണ് വയറ്റുപ്പിഴപ്പ്.

യഥാർത്ഥത്തിൽ ദരിദ്രൻ–ധനികൻ എന്ന വാക്കുകൾ ഇപ്പോൾ പ്രചാരത്തിലില്ല. ആ വാക്കുകളിൽ ടെക്നോളജിക്കൽ ഔട്ലുക്കില്ല. അതുകൊണ്ട് അത് കാലഹരണപ്പെട്ടു. അൺഡെവലപ്പ്ഡ്–ഡെവലപ്പ്ഡ് എന്ന വാക്കുകളാണ് യാഥാർത്ഥ്യവുമായി അടുത്തുനിൽക്കുന്നത്. ദരിദ്രനായ ഗോവിന്ദൻകുട്ടി ധനികനായ ഗോവിന്ദൻകുട്ടിയായി മാറുകയായിരുന്നില്ല, അൺഡെവലപ്പ്ഡ് ഗോവിന്ദൻകുട്ടി ഡെവലപ്പ്ഡ് ഗോവിന്ദൻകുട്ടിയാവുകയായിരുന്നു.

ഗോവിന്ദൻകുട്ടി എങ്ങനെയാണ് വികസിച്ചത്? പുരോഗമിച്ചത്? പിന്നോക്കാവസ്ഥയിൽ കിടന്ന ഗോവിന്ദൻകുട്ടി ആധുനിക സമൂഹം കൊടുത്ത അവസരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയായിരുന്നു. അതിനുള്ള ഇനിഷ്യേറ്റീവ് ഗോവിന്ദൻകുട്ടിക്ക് ഉണ്ടായി.

മണൽ മാഫിയ, റിയൽ എസ്റ്റേറ്റ്, പാടം നികത്തൽ, കാർഷിക സബ്സിഡി തട്ടിയെടുക്കൽ എന്നിങ്ങനെ നിരവധി സാധ്യതകളാണ് ഇന്നത്തെ സമൂഹം തുറന്നിടുന്നത്. ഇത്തരം വ്യത്യസ്ത നീരുറവകൾ ഒന്നിച്ചു ചേരുമ്പോഴാണ് മഹാനദികൾ ഉണ്ടാവുന്നത്. ഗോവിന്ദൻകുട്ടി ഒരു മഹാനദിയാണ്. നമുക്ക് ഇത്തരം മഹാനദികൾ വേണം. ഈ നദിക്കരയിലിരുന്നാണ് നമ്മൾ പിതൃക്കൾക്ക് ബലിയർപ്പിക്കുന്നത്.

ഗോവിന്ദൻകുട്ടിയുടേത് വ്യക്തിപരമായ നേട്ടമല്ല. അത് ഒരു ടീംവർക്കാണ്. ഒരാൾ വിചാരിച്ചാൽ ടീം കളി ജയിക്കില്ല. റിക്കി പോണ്ടിങ് മാത്രം കളിക്കുന്നതുകൊണ്ടല്ല ആസ്ട്രേലിയൻ ക്രിക്കറ്റ് ടീം ജയിക്കുന്നത്. വെയ്ൻ റൂണിയുള്ളതുകൊണ്ടല്ല മാഞ്ചസ്റ്റർ യുണൈറ്റഡ് ജയിക്കുന്നത്. മാധവൻനായർ മാത്രം വിചാരിച്ചാൽ ചാന്ദ്രയാൻ ഉയരില്ല. വിജയം ഒരു ടീം വർക്കാണ്. മണൽ വാരലും, പാടം നികത്തലും, റിയൽ എസ്റ്റേറ്റും, സബ്സിഡി തട്ടിയെടുക്കലും ടീം വർക്കാണ്. ഒരു ബുദ്ധിമുട്ടുമില്ലാതെ ചെയ്യാവുന്ന പെൺവാണിഭം വിജയിക്കണമെങ്കിൽ പോലും ടീംവർക്ക് വേണം.

ഒരു ടീം വിജയിക്കുന്നത് അതിന്റെ പ്രതിബദ്ധതയിലാണ്, ആത്മാർത്ഥതയിലാണ്. ഇവിടെയാണ് ആശയപരമായ സമീപനം ആവശ്യമാകുന്നത്.

പതിനൊന്ന് അക്ഷൗഹിണികൾ എതിർത്തിട്ടും, ദ്രോണരും, ഭീഷ്മരും, കർണ്ണനും ഒക്കെ അണിനിരന്നിട്ടും കൗരവർ യുദ്ധം ജയിച്ചില്ല. പാണ്ഡവർ യുദ്ധം ജയിച്ചത് എങ്ങനെയാണ്? അർജ്ജുനൻ സവ്യസാചിയായതുകൊണ്ടാണോ? അഭിമന്യു പദ്മവ്യൂഹം പൊളിച്ചതു കൊണ്ടാണോ? ഭഗവാൻ കൃഷ്ണന്റെ നിറഞ്ഞ സാന്നിധ്യമാണോ? അല്ല. പാണ്ഡവർ പൊരുതിയത് ഒരാശയത്തിനു വേണ്ടിയാണ്. രണ്ടാം ലോകയുദ്ധം ബോംബേറുകളും ബോംബറുകളും തമ്മിലായിരുന്നില്ല, അന്തർവാഹിനികളും അന്തർവാഹിനികളും തമ്മിലായിരുന്നില്ല. ഫാസിസവും സ്വാതന്ത്ര്യവും തമ്മിലായിരുന്നു.

എന്തായിരുന്നു ഗോവിന്ദൻകുട്ടിയുടെ ആശയാടിത്തറ? സമൂഹത്തിന്റെ അൺഡെവലപ്മെന്റിനോടുള്ള പ്രതിഷേധം. അവഗണിക്കപ്പെട്ടവരോടുള്ള അടങ്ങാത്ത കമ്മിറ്റ്മെന്റ്. അവർക്കൊരു മാതൃക വേണം. അതിനു മുന്നിൽ നിന്നു തന്നെ നയിക്കണം. ഗോവിന്ദൻകുട്ടി മുന്നിൽ നിന്നു തന്നെ നയിച്ചു. എന്റെ കുരിശെടുത്ത് എന്റെ പിന്നാലെ വരാൻ ക്രിസ്തു പറഞ്ഞു. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ഗാന്ധിജി പറഞ്ഞു. എന്റെ സമ്പാദ്യമാണ് എന്റെ ജീവിതം എന്ന് ഗോവിന്ദൻകുട്ടി പറഞ്ഞു. ക്രിസ്തു സ്വർഗരാജ്യം തന്നു, ഗാന്ധിജി രാമരാജ്യം തന്നു, ഗോവിന്ദൻകുട്ടി ക്ഷേമരാജ്യം തന്നു. ക്രിസ്തു പ്രാർത്ഥിച്ചു, ഗാന്ധിജി ഉപവസിച്ചു, ഗോവിന്ദൻകുട്ടി കാശെറിഞ്ഞു. ക്രിസ്തുവിന് കുരിശ്, ഗാന്ധിജിക്ക് വെടിയുണ്ട, ഗോവിന്ദൻകുട്ടിക്ക് ഡെവലപ്മെന്റ്. ഗോവിന്ദൻകുട്ടിയിലൂടെ സമൂഹത്തിന് ഡെവലപ്മെന്റ്.

ഡെവലപ്മെന്റിന് സാക്ഷികളെയുള്ളൂ, രക്തസാക്ഷികളില്ല.

നമസ്കാരം. ■